**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 253** **26-06-2024 - ൽ മറുപടിയ്ക്ക്**

**ഡെസ്റ്റിനേഷൻ വെഡ്ഡിംഗ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. കെ. ജെ. മാക്സി,<br>ശ്രീ എം മുകേഷ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഡെസ്റ്റിനേഷൻ വെഡ്ഡിംഗ് പദ്ധതി ആരംഭിച്ചതിന്റെ അനുഭവങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | കേരളത്തെ മികച്ച വിവാഹ ഡെസ്റ്റിനേഷനാക്കി മാറ്റുക എന്ന ലക്ഷ്യത്തോടുകൂടി വിനോദസഞ്ചാര വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് " ഡെസ്റ്റിനേഷൻ വെഡ്ഡിംഗ്". കേരളത്തിന്റെ സമാനതകളില്ലാത്ത പ്രകൃതി സൗന്ദര്യം, മനോഹരമായ സ്ഥലങ്ങൾ, കണക്റ്റിവിറ്റി , മികച്ച താമസസൗകര്യം, എന്നിവ മുൻനിർത്തിക്കൊണ്ട് കേരളത്തെ വെഡ്ഡിംഗ് ടൂറിസത്തിന്റെ മുൻനിര കേന്ദ്രമാക്കി മാറ്റാനാണ് വകുപ്പ് ലക്ഷ്യമിടുന്നത് .<br><br>മറ്റ് സംസ്ഥാനങ്ങളിൽ നിന്നും, വിദേശ രാജ്യങ്ങളിൽ നിന്നും വിവാഹങ്ങൾ കേരളത്തിലെ ടൂറിസം കേന്ദ്രങ്ങളിൽ വച്ച് നടത്തുകയും ഇത്തരത്തിൽ ആഭ്യന്തര വിദേശ വിനോദസഞ്ചാരികളെ കൂടുതലായി ആകർഷിക്കുവാനും, അതിലൂടെ വിനോദസഞ്ചാരികളുടെ വരവ് വർദ്ധിപ്പിക്കുവാനും ഡെസ്റ്റിനേഷൻ വെഡ്ഡിംഗ് നടപ്പിലാക്കുന്നതിലൂടെ കഴിയുമെന്നാണ് വകുപ്പ് പ്രതീക്ഷിക്കുന്നത്.<br><br>ലോകത്തിലെ ഏറ്റവും ആകർഷകമായ ഡെസ്റ്റിനേഷൻ വെഡ്ഡിംഗ് കേന്ദ്രങ്ങളിൽ ഒന്നെന്ന നിലയിൽ ശ്രദ്ധ നേടിയിട്ടുള്ള കേരളത്തിന്റെ മനോഹാരിത, പ്രശസ്ത ഇന്ത്യൻ അമേരിക്കൻ ഗായിക വിദ്യാവോക്സിന്റെ കേരളം പശ്ചാത്തലമാകുന്ന "ശുഭമാംഗല്യം" എന്ന വീഡിയോഗാനത്തിലൂടെ അവതരിപ്പിച്ചിട്ടുണ്ട്. മലയാളികൾ അല്ലാത്ത വധൂവരന്മാർ കേരളത്തിൽ വിവാഹം ആഘോഷിക്കുന്നതാണ് പ്രസ്തുത വീഡിയോയിൽ ചിത്രീകരിച്ചിരിക്കുന്നത്. ആലപ്പുഴയിലെ കായൽ, വാഗമൺ, മാരാരി ബീച്ച് എന്നിവിടങ്ങളിൽ ചിത്രീകരിച്ച "ശുഭമാംഗല്യം" ഇതിനകം 20 |

| | | | |
|---|---|---|---|
| | | | ലക്ഷത്തിലധികം കാഴ്ചക്കാരെ നേടുകയുണ്ടായി . കേരളത്തിന്റെ പ്രകൃതി സൗന്ദര്യവും അനുയോജ്യമായ ഡെസ്റ്റിനേഷൻ വെഡ്ഡിംഗ് എന്ന നിലയിലുള്ള കേരളത്തിന്റെ സ്ഥാനവും "ശുഭമാംഗല്യം" ത്തിന് ലഭിച്ച സോഷ്യൽ മീഡിയ കാഴ്ചക്കാരുടെ എണ്ണം വെളിപ്പെടുത്തുന്നു.<br><br>കേരളത്തെ മികച്ച ഡെസ്റ്റിനേഷൻ വെഡ്ഡിംഗ് കേന്ദ്രമായി ഉയർത്തുന്നതിനായി വിമാനത്താവളങ്ങളിലും സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിലും വിനോദസഞ്ചാര വകുപ്പ് പ്രചരണ പരിപാടികൾ സംഘടിപ്പിച്ചിരുന്നു. ഈ ക്യാമ്പയിനിനു ശേഷം വെഡ്ഡിംഗ് ഡെസ്റ്റിനേഷൻ എന്ന നിലയിൽ കേരളത്തെ പ്രയോജനപ്പെടുത്തുന്ന പ്രവണത വർദ്ധിച്ചിട്ടുണ്ടെന്നാണ് ടൂറിസം വകുപ്പിന്റെ വിലയിരുത്തൽ.<br><br>വിനോദസഞ്ചാര മേഖലയിലെ സ്വകാര്യ സംരംഭകരായ ഹോട്ടലുകൾ, റിസോർട്ടുകൾ എന്നിവ കൂടാതെ വിനോദസഞ്ചാര കേന്ദ്രമായ ശംഖുമുഖം ബീച്ചിനോട് ചേർന്നുള്ള മുഞ്ഞുച്ചിപ്പി പാർക്കിൽ ഡി.ടി.പി.സി യുടെ നേതൃത്വത്തിൽ സർക്കാർ മേഖലയിലും ഒരു ഡെസ്റ്റിനേഷൻ വെഡ്ഡിംഗ് കേന്ദ്രം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട് . കൂടാതെ കെ.ടി.ഡി.സി യുടെ കോവളം സമുദ്ര, കുമരകം വാട്ടർ സ്കേപ്പ്, ബോൽഗാട്ടി പാലസ് എന്നിവയെ ഡെസ്റ്റിനേഷൻ വെഡ്ഡിംഗ് കേന്ദ്രങ്ങളായി കണ്ടെത്തി വികസിപ്പിച്ച് വരുന്നു. ഇതിന്റെ ഭാഗമായി നവീകരിച്ച കെ.ടി.ഡി.സി സമുദ്ര റിസോർട്ടിന്റെ ഉദ്ഘാടനം 30-01-2024 ന് നിർവ്വഹിച്ചിട്ടുണ്ട് . |
| (ബി) | പ്രസ്തുത പദ്ധതിക്ക് അനുയോജ്യമായ കേന്ദ്രങ്ങൾ കണ്ടെത്തിയതിന്റേയും വികസിപ്പിച്ചതിന്റേയും വിശദാംശം ലഭ്യമാക്കുമോ; | (ബി) | (എ) പിരിവിന്റെ അതേ ഉത്തരം |
| (സി) | പ്രസ്തുത കേന്ദ്രങ്ങൾ സ്വകാര്യ, പൊതുമേഖലകളിൽ വിവാഹങ്ങൾക്കും മറ്റ് ആവശ്യങ്ങൾക്കുമായി ഉപയോഗപ്പെടുത്തിയതിന്റെ വിശദാംശവും ഇതിലൂടെ ലഭ്യമായ വരുമാനവും കണക്കാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ? | (സി) | തിരുവനന്തപുരം, ശംഖുമുഖം ബീച്ചിന് എതിർവശം ഡി.റ്റി.പി.സി.യുടെ അധീനതയിലുള്ള മുഞ്ഞുച്ചിപ്പി പാർക്കിൽ വെഡ്ഡിംഗ് ഡെസ്റ്റിനേഷനായി പത്രപരസ്യം മുഖാന്തിരം ദർഘാസ് ക്ഷണിക്കുകയും നടപടിക്രമങ്ങളിലൂടെ തിരുവനന്തപുരം ഡിസ്ട്രിക്റ്റ് കോ ഓപ്പറേറ്റീവ് ഡെവലപ്പ്മെന്റ് ടൂറിസം സോസൈറ്റിയെ തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. പ്രതിവർഷം വാടകയിനത്തിൽ 12,50,000/-+GST രൂപയും, സെക്യൂരിറ്റി തുക 3,12,500/- രൂപയുമാണ് നിശ്ചയിച്ചിട്ടുള്ളത്. ഡെസ്റ്റിനേഷൻ വെഡ്ഡിംഗ് പദ്ധതിയുടെ ഭാഗമായി കെ.ടി.ഡി.സി യുടെ ബോൽഗാട്ടി പാലസിൽ 289 വിവാഹങ്ങളും, |

| | | | |
|---|---|---|---|
| | | | കോവളം സമുദ്രയിൽ 4 വിവാഹങ്ങളും കുമരകം വാട്ടർ സ്കേപ്പിൽ 20 വിവാഹങ്ങളും നടന്നു കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ